For Private Circulation Only March 2021

# ആശാദൂതൻ

HOLY BIBLE

Vol.68 No.3

" ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു " (യോഹ.16:33)

## ലോകത്തിന്റെ ഏകപ്രത്യാശ ക്രിസ്തു

By Fred D.Jarvis

ലോകം കുറുക്കുവഴികളിലാണ്. സമൂഹത്തിന്റെ അപകടകരമായ അവസ്ഥയിൽ ദൈവത്തിൽ നിന്നുള്ള ഒരു പരിഹാരം നമുക്കാവശ്യമായിരിക്കുന്നു. സഭയുടെ ദീനം പിടിച്ച് ക്ഷീണിതമായ അവസ്ഥയിൽ നാം ഒരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. അശുദ്ധിയെ ഹൃദയത്തിൽ നിന്നും അകറ്റി ആവശ്യമില്ലാത്തതിനെ ജീവിതത്തിൽ നിന്നും പുറത്തുകളഞ്ഞ് ആത്മാവിൽ പുതുക്കം പ്രാപിച്ച് ലോകത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന ജീവിതങ്ങളുടെ രക്ഷയ്ക്കായി പൂർണ്ണഹൃദയത്തോടെ പ്രവർത്തിപ്പാനുള്ള സമയമത്രേയിത്.

വേദപുസ്തകകാലയളവിൽ സുവിശേഷം ശക്തിയോടും അത്ഭുതകരമായും വ്യാപകമായി ലോകത്തിന് നൽകപ്പെട്ടു. വിശ്വാസികൾ എവിടെയും കടന്നുപോയി സുവിശേഷം അറിയിച്ചു. അവരുടെ ദൂത് ക്രൂശായിരുന്നു. അവരുടെ ശക്തി പരിശുദ്ധാത്മാവായിരുന്നു. അവരുടെ അധികാരം വേദപുസ്തകമായിരുന്നു. കർത്താവ് ഇങ്ങനെ അരുളിചെയ്യുന്നു എന്ന് സുവിശേഷം പങ്കിട്ടുകൊണ്ട് ആളുകളെ ദൈവത്തിങ്കലേയ്ക്ക് നടത്തി.

ഇന്ന് ലോകത്തെ എന്നല്ല, ഒരു ഗ്രാമത്തെപ്പോലും ദൈവത്തിങ്കവേയ്ക്ക് നടത്താനുള്ള ശക്തി നമുക്കില്ല. നമ്മുടെ നിലവാരങ്ങളെ വിട്ട് ദൈവവചനത്തിന്റെ നിലവാരങ്ങളിലേയ്ക്ക് വരുവാനുള്ള സമയമത്രേയിത്. ദൈവത്തിന്റെ പ്രവൃത്തികളിലുള്ള പ്രതീക്ഷ വിട്ടിട്ട് നാം എന്തൊക്കെയോ ചെയ്യുന്നു എന്ന ചിന്തയിലാണ് നാം. ദൈവത്തിന്റെ വേലയെ നമ്മുടെ നിലവാരങ്ങളിലേയ്ക്ക് അധപതിപ്പിച്ച അവസ്ഥ.

**ലോകത്തിന്റെ ഏക പ്രത്യാശ**

ദൈവം നമ്മോടു ക്ഷമിക്കുമാറാകട്ടെ. നമ്മുടെ അധ:പതിച്ച അവസ്ഥയിൽ നിന്നും പരാജയത്തിൽ നിന്നും ശക്തിയില്ലായ്മയിൽ നിന്നും സ്നേഹക്കുറവിൽ നിന്നുമൊക്കെ കർത്താവ് നമ്മെ രക്ഷിക്കട്ടെ. ഉയരത്തിലെ അഗ്നിയാൽ നമ്മെ ജ്വലിപ്പിക്കട്ടെ, വിശ്വസ്തതയും, സ്നേഹവും, ധൈര്യവും സമർപ്പണവും നമുക്കു നൽകട്ടെ. ഉണർവ്വ് നമ്മുടെ ഏക പ്രത്യാശയത്രെ. നമ്മുടെ പ്രാർത്ഥനയിലും പ്രസംഗത്തിലും ദൈവത്തിന്റെ ശക്തി ആവശ്യമാണ്. സമർപ്പണമുള്ള ഒരു ജീവിതം നമുക്കാവശ്യമാണ്. ഇവിടെ ക്രിസ്തു ഇല്ലെങ്കിൽ ഒരു ദുരന്തമാണ്.

ലോകത്തിന്റെ പ്രത്യാശയായി ഒരുവനുണ്ട്. അത് ക്രൂശിക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റ്, ജീവിക്കുന്ന യേശുവാണ്. ഈ കാലഘട്ടത്തിൽ ലോകത്തിന്റെ പ്രത്യാശയ്ക്ക് മറ്റൊരു വഴിയില്ല. യേശുവിനുവേണ്ടി പോകുവാനുള്ള സമയമത്രേയിത്. ഇത് ഒരു ത്യാഗത്തിന്റെ സമയമാണ്. കർത്താവിനോട് ചേർന്നു പ്രവർത്തിപ്പാനുള്ള സമയമത്രേ.ദൈവത്തിനുവേണ്ടി എഴുന്നേൽപ്പാനുള്ള സമയം ഉണർവ്വുണ്ടായേ മതിയാകൂ.

**പെന്തെക്കോസ്തിന്റെ ശക്തി**

പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ നമ്മുടെ പല പ്രവർത്തികളും പ്രയോജനരഹിതമായിത്തീരുന്നു. പദ്ധതികളെക്കാൾ പ്രവർത്തിയാണ് നമുക്കാവശ്യം. നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതാണ്. ദൈവത്തിന്റെ വേല നാം ദൈവത്തിന്റെ വഴിയിൽ ചെയ്യേണ്ടതാണ്. ദൈവത്തിന്റെ ശക്തിയും സാന്നിദ്ധ്യവും ഏറെ പ്രസക്തമാണ്. അത് പെന്തെക്കോസ്തിന്റെ ശക്തിയാണ്. ഉയരത്തിലെ ശക്തി ലഭിക്കുവോളം നാം കാത്തിരിക്കേണം. ചരിത്രത്തിലെ ഒരു സംഭവമെന്നതിലുപരി അത് നമ്മുടെ അനുഭവമാകേണ്ടതാണ്. അത് നമ്മുടെ വ്യക്തിപരമായ അനുഭവമാകണം.

അപ്പോസ്തലപ്രവർത്തികൾ ഇന്നത്തേയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പുസ്തകമാണ്. ആളുകളെ ദൈവത്തിങ്കലേയ്ക്ക് ആകർഷിക്കാനുള്ള ദൈവത്തിന്റെ ശക്തിയാണ് പെന്തെക്കോസ്തു. ക്രിസ്തീയ ജീവിതത്തിലും ആത്മാക്കളെ നേടുന്ന പ്രവർത്തിയിലും അതിന് പകരം വയ്ക്കാൻ മറ്റൊന്നില്ല. നാം അതിൽ ജീവിക്കയും മറ്റുള്ളവർക്കു പകർന്നു കൊടുക്കയും വേണം. ദൈവത്തിന്റെ വേലയ്ക്ക് ദൈവത്തിന്റെ ശക്തി ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമുക്കു നിറയപ്പെടാം. സുവിശേഷത്തിന്റെ അഗ്നി നമ്മുടെ ഹൃദയങ്ങളിൽ കത്തി ജ്വലിക്കട്ടെ. എല്ലാ കന്മഷവും കത്തിപ്പോകട്ടെ, വേഗം വരുന്ന കർത്താവിനുവേണ്ടി പോകുന്നവർ ആകാം. യേശു പറഞ്ഞു, "എന്നെ അനുഗമിക്ക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവർ ആക്കും " (മത്താ. 4:19). ദൈവം നമ്മെ വർദ്ധിപ്പിക്കുവാനാഗ്രഹിക്കുന്നു. ആത്മീയ മക്കളെയും കൊച്ചുമക്കളെയും നമുക്കു തരും. നഷ്ടപ്പെട്ടവരുടെ അടുക്കലേയ്ക്ക് യേശു നടക്കുന്നു, " കറ്റ ചുമന്നുംആർത്തും കൊണ്ട് വരുന്നു " (സങ്കീ. 126:6). കർത്താവ് പോയതുപോലെ പോകുവാൻ, കർത്താവ് സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ കർത്താവ് ത്യാഗം സഹിച്ചതുപോലെ ത്യാഗം സഹിക്കുവാൻ, അവിടുന്ന് അർപ്പിക്കപ്പെട്ടതുപോലെ അർപ്പിക്കപ്പെടുവാൻ

(ശേഷം 6-ാംപേജിൽ)

# നിങ്ങൾ ചോദിക്കുമെങ്കിൽ ഞാൻ ചെയ്തു തരും

(ഒരു മിഷ്യനറി വാർത്ത)

1993-ൽ ചൈനയിൽ ഒരു വസന്തകാലത്ത് സഹോദരിമാർക്കു വേണ്ടിയുള്ള എന്റെ ആദ്യത്തെ ബൈബിൾ ക്ലാസ് എടുക്കുവാനിടയായി.അഞ്ച് വർഷത്തെ ഭാഷാപഠനത്തിനും ബൈബിൾ പഠനത്തിനും ശേഷം, ദൈവകൃപയുടെ സുവിശേഷം സഹോദരിമാരിൽ എത്തിക്കണം എന്നുള്ള നിയോഗം എനിക്കുണ്ടായി.

ചൈനയിലെ ലാവോകുന്നുകളുടെ മറവിലുള്ള മനോഹരമായ പ്രദേശങ്ങളിലൊന്നായ ഡങ്കിയാ ആൻ എന്ന ഗ്രാമത്തിൽ ഒരു ചൈനീസി പാസ്റ്റർ ഇരുപത്തിയഞ്ച് സഹോദരിമാരെ കൂട്ടിവരുത്തി, അവരെ ഞാൻ പഠിപ്പിക്കണമായിരുന്നു. പത്തു ദിവസത്തെ ആ പരിപാടിയിൽ ദൈവിക സത്യങ്ങളിലൂടെ രക്ഷയെക്കുറിച്ചുള്ള അറിവ് അവർക്ക് കൊടുക്കണമായിരുന്നു. എഴുതാനും വായിക്കാനുമൊക്കെ അവർക്കറിയാം. എനിക്ക് അവരെ പഠിപ്പിക്കാൻ കഴിയും എന്ന് ഞാൻ ചിന്തിച്ചു.

എന്നാൽ വ്യക്തിപരമായി ഞാൻ അവരുമായി സംസാരിച്ചപ്പോൾ എന്റെ കണക്കുകൂട്ടലുകളെല്ലാം നശിച്ചുപോയി. ഒരാൾ എന്നോടു പറഞ്ഞു എനിക്ക് ഒന്നും പഠിക്കാൻ കഴിഞ്ഞില്ല. അവളുടെ ഹൃദയം ഇരുണ്ടതും കഠിനവുമായിരുന്നു. അടുത്തയാൾ പറഞ്ഞത് എനിക്ക് ഒന്നും മനസിലായില്ല എന്നാണ്, അവളുടെ ജീവിതത്തിൽ ഒന്നും അവൾ പഠിച്ചിട്ടില്ല. ഒരു കൈക്കുഞ്ഞും മൂന്നു വയസ്സു പ്രായമുള്ള മറ്റൊരു കുട്ടിയുമായി വന്ന അവൾക്ക് എങ്ങനെയാണ് പഠിക്കാൻ കഴിയുക? തുടർന്ന് അറുപതു വയസിനു മേലുള്ള ഒരു സ്ത്രീ വന്ന് പറഞ്ഞത് സഹോദരീ, നിങ്ങൾ വന്ന് പഠിപ്പിക്കുന്നത് നല്ല കാര്യമാണ്. എന്നാൽ എനിക്ക് പഠിക്കാൻ കഴിയില്ല. എന്റെ പ്രായം കഴിഞ്ഞിരിക്കുന്നു. കാഴ്ച കുറഞ്ഞിരിക്കുന്നു. ഒന്നും വ്യക്തമായി കാണാൻ കഴിയുന്നില്ല. എനിക്കെങ്ങനെയാണ് ബുക്കുകൾ വായിക്കാൻ കഴിയുക?

ക്ലാസ്സിൽ വന്നിരുന്ന എല്ലാവരും പ്രായോഗികമായ ഇതേ അനുഭവത്തിലായിരുന്നു. അവരാരും സ്കൂളുകളിൽ പോയിട്ടില്ല. അവരുടെ ഭാഷയെകുറിച്ച് അവർക്കറിഞ്ഞുകൂടാ, ഞങ്ങൾ ഒന്നും പഠിച്ചിട്ടില്ല എന്നവർക്കറിയാമായിരുന്നു. ഓരോന്നു ചെയ്യാൻ ശ്രമിക്കുമ്പോഴും അവരുടെ ശ്രദ്ധയും തിരിഞ്ഞുപോകുന്നു.

**അധൈര്യപ്പെട്ടുപോയി**

ഞാൻ വളരെ അധൈര്യപ്പെട്ടുപോയി. ഞാൻ ചിന്തിച്ചു എങ്ങനെ ഞാൻ ഇവരെ പഠിപ്പിക്കും? അവരുടെ പാസ്റ്റർ അവരെ എന്റെ അടുക്കൽ അയച്ചിരിക്കുന്നു. അവരുടെ മനസു വളർച്ച പ്രാപിച്ചിട്ടില്ല. പഠിക്കാനുള്ള ആഗ്രഹവും അവർക്കില്ല.

എന്റെ ദൗത്യത്തെ സംബന്ധിച്ച് ഞാൻ വളരെ നിരാശപ്പെട്ടു, ഞാൻ എന്റെ മുറിയിലേക്ക് പ്രാർത്ഥിപ്പാനായി പോയി. അവിടെ എന്നെ നിർബ്ബന്ധിക്കുന്ന ഒരു ചോദ്യം എന്റെ ഹൃദയത്തിൽ മുഴങ്ങി, ദൈവത്തിലുള്ള നിന്റെ വിശ്വാസം എവിടെ?

(ശേഷം 6-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്‌വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ " (ലൂക്കോ. 6:27,28)

2021 വർഷത്തിന്റെ ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നുപോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. പ്രത്യാശയോടെ അവങ്കലേക്ക് നോക്കുന്ന ഓരോ ദൈവപൈതലിനെയും സർവ്വ ആശ്വാസത്തിന്റെയും ദൈവം ഒരിക്കലും തള്ളിക്കളയുന്നില്ല. നമ്മുടെ ഹൃദയത്തിൽ ആശ്വാസം ലഭ്യമാക്കിയിട്ടുള്ള നമ്മെക്കൊണ്ടു ആവശ്യത്തിൽ ഇരിക്കുന്ന മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ തക്ക ഒരു ഉപകരണമായി ഉപയോഗിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു.

പ്രതികൂലങ്ങളെയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപതരും. കർത്താവിൽ സമ്പൂർണ്ണമായി ആശ്രയിക്കുക. അവന്റെ നാമമഹത്വത്തിനുവേണ്ടി നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുവാൻ നിശ്ചയമായും ദൈവം നിങ്ങൾക്കു കൃപ നൽകും.

സ്നേഹത്തോടെയുള്ള പ്രാർത്ഥനകളിൽ മാത്രമേ കർത്താവ് പ്രസാദിക്കുകയുള്ളൂ. അവന് മാത്രമേ അവരുടെ കുറവുകൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ. സമാധാനത്താൽ നിറയപ്പെട്ട സന്തോഷകരമായ ഒരു ജീവിതം ദൈവം നമുക്ക് സമ്മാനിക്കും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# അത്ഭുതവാനായ യേശു

By. R.A.Torrey

" നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു: ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും" (യെശ. 9:6).

യെശയ്യാ പ്രവാചകന്റെ ഹൃദയം പരിശുദ്ധാത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ടു, 740 വർഷങ്ങൾക്കു ശേഷം ജനിക്കുന്ന നസ്രേത്തുകാരനായ യേശുവിനെ ആത്മാവിൽ കണ്ടു, അതിനെക്കുറിച്ച് സംസാരിക്കുന്നതാണ് മേലുദ്ധരിച്ച നമ്മുടെ വേദഭാഗം. അവയിൽ ദൈവികലോകത്തിന്റെ മഹത്വം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. താരതമ്യം ചെയ്യാൻ കഴിയാത്ത സ്വഭാവവും നമ്മുടെ കർത്താവിന്റെ ആധിപത്യവും പ്രകടമാണ്. എന്നാൽ ഈ വേദഭാഗത്തിൽ നിന്നുമുള്ള ഒരു വിഷയം മാത്രം ഇപ്പോൾ നമുക്ക് എടുക്കാം, അവൻ അത്ഭുതമന്ത്രി. വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന പേരുകൾക്ക് അർത്ഥമുണ്ട്. പ്രത്യേകിച്ച് പിതാവായ ദൈവം പുത്രൻ അല്ലെങ്കിൽ പരിശുദ്ധാത്മാവ്. പേര് പലപ്പോഴും ആ വ്യക്തിയെ വെളിപ്പെടുത്തുന്നു. യേശു അത്ഭുത മന്ത്രി എന്ന് വിളിക്കപ്പെട്ടു, കാരണം അവിടുന്ന് അത്ഭുത മന്ത്രിയാണ്. ഒന്നാമതായി തന്റെ പ്രകൃതിയിൽ അവിടുന്ന് അത്ഭുതവാനാണ്; രണ്ടാമതായി അവിടുത്തെ സ്വഭാവത്തിൽ അത്ഭുതവാനാണ്. മൂന്നാമതായി അവിടുത്തെ സ്വഭാവത്തിൽ അത്ഭുതവാനാണ്; നാലാമതായി തന്റെ പ്രവർത്തിയിൽ അവിടുന്ന് അത്ഭുതവാനാണ്.

**യേശു തന്റെ പ്രകൃതിയിൽ അത്ഭുതവാനാണ്.**

യേശു ദൈവമാണ്. അങ്ങനെ ലോകത്തിൽ മറ്റാരുമില്ല. വേദപുസ്തകത്തിലെ പുതിയ നിയമവും പഴയനിയമവും ആ സത്യത്തിന്റെ നിറവുകളാണ്. യേശു യാതൊരു ശങ്കയുമില്ലാതെ ആ സത്യം ഘോഷിക്കുന്നു. മർക്കോസ് 12 -ൽ പഴയനിയമ പ്രവാചകന്മാരെകുറിച്ച് യേശു സംബോധനചെയ്തിട്ട് തന്നെക്കുറിച്ച് 12:-ൽ പുത്രൻ; ദൈവത്തിന്റെ പ്രിയപുത്രൻ എന്ന് വെളിപ്പെടുത്തുന്നു. യോഹ. 10:30-ൽ യേശു പറയുന്നത്, "ഞാനും പിതാവും ഒന്നാകുന്നു. യോഹ. 14:9-ൽ എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. യോഹ. 5:23-ൽ അവിടുന്ന് പറയുന്നത് പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല ".

അപ്പോസ്തലനായ യോഹന്നാൻ യേശുവിനെക്കുറിച്ച് തന്റെ സുവിശേഷത്തിൽ പറയുന്നത്, ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെകൂടാതെ ഉളവായതല്ല (യോഹ. 1:1-3). താഴോട്ട് 14-ാം വാക്യത്തിൽ കാണുന്നത്, വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നും ഏകജാതനായവന്റെ തേജസായികണ്ടു. അപ്പോസ്തലനായ തോമസ്, യേശുവിന്റെ പുനരുദ്ധാനശേഷം അവിടുത്തെ പാദപീഠത്തിൽ വീണു പറയുന്നത്, എന്റെ കർത്താവും ദൈ വവുമായുള്ളോവേ (യോ ഹ. 20:28) എന്നാണ്. അപ്പോസ്തലനായ പൗലൊസ് യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് (കൊലൊ. 2:9). പൗലൊസ് പിന്നെയും പറയുന്നത് അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ അപ്പോസ്തലനായ പത്രോസ് പ്രവർത്തി 19:36-ൽ പറയുന്നത്, അവൻ എല്ലാവരുടെയും കർത്താവായ യേശുക്രിസ്തു. എബ്രായലേഖന എഴുത്തുകാരൻ പറയുന്നത് അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും തന്റെ ശക്തിയുള്ള വചനത്താൽ സകലത്തേയും വഹിക്കുന്നവവനും ആകുന്നു (എബ്രാ. 1:3). ഫിലിപ്യലേഖനത്തിൽ പൗലൊസ്

(ശേഷം 4-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| സ്നാനം ഏൽക്കുക | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

# ക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കുക

By. Rich Carmicheal

കർത്താവായ യേശുവിനെ ശ്രദ്ധിച്ചു നോക്കുക എന്നതിനെക്കുറിച്ചും നമുക്കു നമ്മുടെ കർത്താവിലുള്ള ജീവിതത്തെയും പ്രത്യാശയെയും കുറിച്ചും എഴുതുന്നതിൽ സന്തോഷമുണ്ട്. കർത്താവു നമുക്കു തരുന്നതും, നമ്മെ ശക്തീകരിക്കുന്നതും ധൈര്യപ്പെടുത്തുന്നതുമായ ദൂതുകളെ നിങ്ങൾക്കു നൽകുന്നതിൽ മാസികാ പ്രവർത്തകരായ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. അവിടുന്ന് പിന്നെയും നമ്മെ തന്റെ വിലപ്പെട്ട ദൂതുകളാൽ അനുഗ്രഹിച്ചു നടത്തും എന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ ലക്കത്തിൽ ചേർത്തിരിക്കുന്ന മിഷ്യനറി പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ നിങ്ങൾക്കു കൂടുതൽ ധൈര്യം പകരും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ഈ പ്രതിസന്ധി ഘട്ടങ്ങളിൽ പിന്നെയും ദൈവം അനേകർക്ക് രക്ഷയും ഉണർവ്വും അയയ്ക്കേണ്ടതിനായി പ്രാർത്ഥിക്കാം. വിശ്വസിക്കുന്നവരിലൂടെ ആശ്രയിക്കുന്നവരിലൂടെ പ്രാർത്ഥിക്കുന്നവരിലൂടെ ശുശ്രൂഷിക്കുന്നവരിലൂടെ പ്രവർത്തിക്കുവാൻ ദീർഘക്ഷമയും ശക്തിയുമുള്ള ദൈവമാണ് നമ്മുടെ ദൈവം. അതുകൊണ്ട് വിശ്വസിപ്പാനും പ്രാർത്ഥിപ്പാനും ശുശ്രൂഷിപ്പാനും ദൈവം നമ്മെ സഹായിക്കട്ടെ. നമുക്ക് അസാധ്യമായത് ദൈവത്തിന് സാദ്ധ്യം!

### കഷ്ടതയിൽ ദൈവത്തിൽ ആശ്രയിക്കുക

യേശുവിനെ നോക്കുക എന്ന ഈ ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തുമ്പോൾ കഷ്ടതയിലായിരിക്കുന്നവരെ ധൈര്യപ്പെടുത്തുവാനും ഈ സന്ദർഭം വിനിയോഗിക്കുന്നു.

നമ്മുടെ ജീവിത വഴികളിലുള്ള തടസ്സങ്ങളെയല്ല, യേശുവിനെ നോക്കുക. നാം അവയെ ശ്രദ്ധിച്ചാൽ അതു നമ്മെ അത്ഭുതപ്പെടുത്തും, ചിന്താകുഴപ്പം ഉണ്ടാക്കും, നമ്മുടെ മനസിനെ ചുടുപിടിപ്പിക്കും, നമ്മെ അശക്തരാക്കും, എന്തിന് എന്റെ ജീവിതത്തിൽ അവ അനുവദിക്കപ്പെട്ടു എന്ന് തോന്നും. നാം അവയെ തരണം ചെയ്യേണ്ടതാണ്. പത്രോസ് കാറ്റിനെയും തിരമാലകളെയും നോക്കിയപ്പോൾ താൻ മുങ്ങുവാൻ തുടങ്ങി. എന്നാൽ താൻ യേശുവിനെ നോക്കി നടന്നപ്പോൾ പാറപ്പുറത്തു നടക്കുംപോലെ വെള്ളത്തിന്മേൽ നടന്നു. നമ്മുടെ ദൗത്യം വലുതാണ്, നമ്മുടെ പരീക്ഷകൾ ഭയാനകമാണ് യേശുവിനെ നോക്കുക എന്നുള്ളത് അതിപ്രധാനമാണ്. ജീവിതകൊടുങ്കാറ്റുകളിൻ നടുവിൽ നാം യേശുവിനെ നോക്കുന്നു എങ്കിൽ നമ്മെ സംരക്ഷിച്ച് പരിപാലിക്കുവാൻ അവിടുന്ന് ശക്തനാണ് എന്നത് എത്ര ശ്രേഷ്ഠമേറിയ അനുഭവമാണ്! അവനിൽ നമുക്ക് ബലം,ധൈര്യം, സമാധാനം, സംരക്ഷണം സൗഖ്യം, പ്രത്യാശ, ജീവൻ, പരിപാലനം, ജയം എന്നിവ ഉണ്ട്. ചില വചനങ്ങൾ താഴെ കുറിക്കുന്നു.

“ അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും ” (മത്താ. 11:28).

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കരുത് (യോഹ. 14:27).

“ ...............ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു” (യോഹ. 16:33).

“ ........... ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല എന്നു അവൻ തന്നേ അരുളിചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവ് എനിക്കു തുണ; ഞാൻ പേടിക്കയില്ല മനുഷ്യൻ എന്നോട് എന്ത് ചെയ്യും ”. (എബ്രാ. 13:5,6).

### എല്ലാം ക്രിസ്തുവിനു വേണ്ടി

ഈ ലേഖനത്തിലൂടെ ഓർമ്മിപ്പിക്കുന്നത്, ക്രിസ്തു നമുക്കുവേണ്ടി തനിക്കുള്ളതെല്ലാം തന്നു, തന്നെത്തന്നെ നമുക്കു നൽകി, നമുക്കുവേണ്ടി നമ്മെയും നമുക്കുള്ളതും എല്ലാം നാം ക്രിസ്തുവിനു കൊടുക്കേണ്ടതാണ്. നമ്മെത്തന്നെ ത്യജിച്ച് നമ്മുടെ ക്രൂശെടുത്ത് തന്നെ അനുഗമിക്കുവാൻ അവിടുന്ന് നമ്മെ വിളിക്കുന്നു. അപ്പോസ്തലനായ പൗലൊസിനെപ്പോലെ നമുക്കു പറയാം. “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്തു ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് ” (ഗലാ. 2:20).

നമുക്ക് കർത്താവിനോടു അടുത്തു ചെല്ലാം, പൂർണ്ണമായി അവിടുത്തേയ്ക്കു വേണ്ടി ജീവിക്കാം, എന്നിട്ട് വിശ്വസ്ഥതയോടെ ഇങ്ങനെ പറയാം. നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായി കാത്തുകൊണ്ട് ” (തീത്തോ. 2:12).

കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും” (1തെസ്സ. 4:12,17).

❖

(3-ാംപേജിന്റെ തുടർച്ച)

### അത്ഭുതവാനായ യേശു

പറയുന്നത്, അവിടുന്ന് മനുഷ്യനായി ജനിക്കും മുമ്പേ ദൈവമായിരുന്നു. അവൻ ദൈരൂപത്തിലിരിക്കേ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ” (ഫിലി. 2:6).

വേദപുസ്തകം എല്ലാ വ്യക്തവും ശക്തവുമായി വെളിപ്പെടുത്തുന്നുവെങ്കിൽ, ഇവിടെ വേദപുസ്തകം പറയുന്നത്, കർത്താവായ യേശുക്രിസ്തു ദൈവത്തിനു മാത്രം അവകാശപ്പെട്ട അടിസ്ഥാന ഗുണങ്ങളായ തേജസും മഹത്വവും, ശക്തിയുമുള്ള ദൈവമാണ്. യേശു ദൈവമാണ്. അങ്ങനെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിറഞ്ഞവനായി യെശയ്യാ പ്രവാചകൻ വിളിച്ചുപറയുന്നത്, അവൻ അത്ഭുതമന്ത്രി എന്ന് വിളിക്കപ്പെടും. യേശു അത്ഭുതവാനാണ്. വിവരണാതീതനായ അത്ഭുതവാനാണ്. നമ്മുടെ ചിന്താഗതി

( (ശേഷം 5-ാം പേജിൽ )

(3-ാംപേജിന്റെ തുടർച്ച)

## അത്ഭുതവാനായ യേശു

ക്കൾക്കപ്പുറം അത്ഭുതവാനാണ്. നമ്മുടെ ചിന്താഗതികൾക്കപ്പുറം അത്ഭുതവാനാണ്. തന്റെ അത്ഭുതതത്വവും പ്രകൃതിയും നമ്മുടെ നിത്യതവരെയും നമ്മുടെ സ്തുതിക്ക് കാരണവുമാകുന്നു.

യേശുവിനെക്കുറിച്ചുള്ള അത്ഭുതത്തിന് മറ്റൊരു കാരണം കൂടെയുണ്ട്. യേശു ദൈവമായിരിക്കുമ്പോൾ തന്നെ യഥാർത്ഥ മനുഷ്യനുമായിരിക്കുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു; വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. യേശു ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആയിരുന്നു. അപ്പോൾ തന്നെ യേശു മനുഷ്യപുത്രനുമായിരുന്നു. തിമൊഥെയോസിന്റെ ഒന്നാം ലേഖനത്തിൽ പൗലൊസ് പറയുന്നത്, "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ" - യേശുക്രിസ്തു. നിങ്ങൾ ചോദിക്കും ഒരുവന് പൂർണ്ണദൈവവും അതേ സമയം തന്നെ പൂർണ്ണമനുഷ്യനും ആയിരിപ്പാൻ എങ്ങനെയാണ് കഴിയുക? എനിക്കും അറിയില്ല. ആത്മാവും ശരീരവും ഒന്നായിരിക്കുന്നതു എങ്ങനെ എന്നും എനിക്കറിയില്ല. എന്നാൽ ഒന്നെനിക്കറിയാം അവ അങ്ങനെ ആയിരിക്കുന്നു. വീണ്ടും ജനനത്തിൽ എനിക്ക് ലഭിച്ച ദിവ്യസ്വഭാവവും എന്റെ സ്വാഭാവിക ജനനത്തിലൂടെ എനിക്കു ലഭിച്ച ദിവ്യസ്വഭാവവും എന്റെ സ്വാഭാവികം ജനനത്തിലൂടെ എനിക്കു ലഭിച്ച ശാരീരികവും, ബുദ്ധിപരവും, ധാർമ്മികവുമായ സ്വഭാവവും എങ്ങനെ ഒരുമിച്ചുപോകുന്നു എന്നെനിക്കറിഞ്ഞു കൂടാ. എന്നാൽ ഒരു കാര്യം ഞാൻ അറിയുന്നു, യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരിക്കുന്നു. അങ്ങനെ പ്രവാചകൻ പറയുന്നു, അവൻ അത്ഭുതമന്ത്രി എന്ന് വിളിക്കപ്പെടും.

### യേശു തന്റെ സ്വഭാവത്തിൽ അത്ഭുതവാനാണ്.

യേശു തന്റെ പ്രകൃതിയിൽ അത്ഭുതവാനാണ്, തന്റെ ദൈവമഹത്വത്തിലും, പൂർണ്ണമനുഷ്യൻ എന്ന നിലയിലും അതെ, പ്രകൃതിയിൽ മാത്രമല്ല താൻ അത്ഭുതവാനായിരിക്കുന്നത്, സ്വഭാവത്തിലും യേശു അത്ഭുതവാനാണ്. യേശു പൂർണ്ണമായും കറയും കളങ്കവുമില്ലാത്തവനാണ്. യേശുവിൽ തെറ്റുകളൊന്നുമില്ല എന്ന് മാത്രമല്ല, സാദ്ധ്യമായ സ്വഭാവവിശേഷങ്ങളിലെ പൂർണ്ണതയും യേശുവിലുണ്ട്. നാം ചിന്തിക്കുന്ന സ്വഭാവവിശേഷതകളല്ല, പിന്നെയോ സ്വഭാവശ്രേഷ്ഠതകളിൽ അവിടുന്നു പൂർണ്ണനാണ്. ആണ്ടുകൾ ഓരോന്നായി കൊഴിഞ്ഞു വീഴുന്നു എന്ന നിലയിൽ, അവിടുത്തെ സ്വഭാവവിശേഷങ്ങളെക്കുറിച്ച് നാം പഠിക്കുമ്പോൾ നമ്മുടെ ഓരോ പഠനത്തിലും തെളിഞ്ഞുവരുന്നത്, തന്റെ വിശേഷസ്വഭാവത്തിന്റെ പൂർണ്ണതകളാണ്. ശത്രുതയുള്ള ഒരു ലോകത്തിൽ യേശു ജീവിച്ചപ്പോൾ ഒരു ബലഹീനത കണ്ടെത്തുവാൻ എല്ലാക്കാലത്തും ലോകം കിണഞ്ഞു ശ്രമിച്ചു. പക്ഷേ ഇതുവരെയും സാധിച്ചില്ല. നൂറ്റാണ്ടുകളായി യേശുവിൽ ഒരു ന്യൂനത കണ്ടുപിടിക്കുവാൻ തന്റെ ശത്രുക്കൾ കിണഞ്ഞു പരിശ്രമിക്കുന്നു. എന്നാൽ ഇതുവരെയും സാധിച്ചിട്ടില്ല. യേശുവിന്റെ ജീവിതത്തിലെ ഒരു ചെറിയ ന്യൂനതയിലേയ്ക്കുപോലും വിരൽ ചൂണ്ടുവാൻ ലോകത്തിനു കഴിഞ്ഞില്ല, അ വിടുത്തെ സ്വഭാവത്തിൽ അവിടുന്ന് പൂർണ്ണനായിരിക്കുന്നു. യേശു തന്റെ സ്വഭാവത്തിൽ പൂർണ്ണമായിരിക്കുന്നു എന്നതു തന്നെ അത്ഭുതമാണ്. അവിടുന്ന് അത്ഭുതവാനാണ്. യേശു താൻ, അതെ താൻ മാത്രമായി പൂർണ്ണനായിരിക്കുന്നു.

യേശു വിശുദ്ധിയിൽ പൂർണ്ണനായിരിക്കുന്നു. പത്രോസ് യേശുവിനെക്കുറിച്ച് പറയുന്നത്, " പരിശുദ്ധനും നീതിമാനുമായവൻ" (അ.പ്ര. 3:14). യോഹന്നാൻ യേശുവിനെക്കുറിച്ച് പറയുന്നത്, "നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു" (1 യോഹ. 2:20). അശുദ്ധാത്മാവു ബാധിച്ച മനുഷ്യൻ പോലും യേശുവിനെ കണ്ടുമുട്ടിയപ്പോൾ വിളിച്ചു പറയുന്നത്, "നീ ആർ എന്ന് ഞാൻ അറിയുന്നു, ദൈവത്തിന്റെ പരിശുദ്ധൻ തന്നെ" (മർക്കൊ. 1:24). എബ്രായലേഖനകാരൻ പറയുന്നത്, " ഇങ്ങനെയുള്ളൊരു മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയതു പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർവിട്ടവൻ" (എബ്രാ. 7:26). "പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടു" (എബ്രാ. 4:15). മറുരൂപമലയിൽ കണ്ണഞ്ചിപ്പിക്കുന്ന വെണ്മയുള്ള വസ്ത്രവും തിളങ്ങുന്ന മുഖവുമായി കാണുന്നത്, തന്റെ ധാർമ്മിക വിശുദ്ധിയുടെ പ്രതീകമത്രെ.

വിശുദ്ധിയിൽ മാത്രമല്ല നമ്മുടെ കർത്താവ് പൂർണ്ണനായിരിക്കുന്നത്, സ്നേഹത്തിലും നമ്മുടെ കർത്തവ്യം പിതാവ് പൂർണ്ണനായിരിക്കുന്നു. ദൈവത്തിന്റെ കല്പന ചോദ്യം ചെയ്യാതെ അനുസരിക്കുന്നതിൽ ദൈവത്തോടുള്ള തന്റെ സ്നേഹം വെളിപ്പെടുന്നു, ദൈവത്തിന്റെ ഇഷ്ടത്തിനു പൂർണ്ണമായി സമർപ്പിച്ചു, ദൈവം ഏല്പിച്ച ദൗത്യത്തിൽ നിന്നും അല്പം പോലും പിന്മാറിയില്ല, ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതിൽ സന്തോഷിച്ചു, തന്റെ ഗത്സമനെയിലെ പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടായില്ലെങ്കിലും ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിച്ചു. എന്നിട്ട് വിജയകരമായി അവിടുന്ന് പറയുന്നു. എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു "അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം" (യോഹ. 4:34).

ദൈവത്തോടുള്ള തന്റെ സ്നേഹം പൂർണ്ണമായിരുന്നു, അങ്ങനെ ആയിരുന്നു മനുഷ്യരോടും. യേശു സകല മനുഷ്യരെയും സ്നേഹിച്ചു. നല്ലവരോയും ആകാത്തവരെയും സ്നേഹിച്ചു. യോഹന്നാനെയും നഥനയേലിനെയും സ്നേഹിച്ചു. അതുപോലെ ഗദരദേശത്തിലെ ഭുതബാധിതനെ സ്നേഹിച്ചു, ക്രൂശിലെ കള്ളനെ സ്നേഹിച്ചു, എഴു ഭൂതങ്ങളാൽ ബാധിതയായ സ്ത്രീയെ സ്നേഹിച്ചു, വ്യഭിചാരിണിയായ സ്ത്രീയെ യേശു സ്നേഹിച്ചു. യേശു എല്ലാവരേയും സ്നേഹിച്ചു. തന്റെ ശത്രുക്കളായി കഠിനവേദനകളാൽ തന്നെ ഉപദ്രവിക്കയും പരിഹസിക്കുകയും ക്രൂശീകരിണത്തിന് ഏല്പിക്കയും ചെയ്ത ദുഷ്ടന്മാർക്കു വേണ്ടിയും കൂടെ യേശു പ്രാർത്ഥിച്ചു. എന്നാൽ യേശു " പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ" (ലൂക്കൊ. 23:34).

തന്റെ നമ്മോടുള്ള സ്നേഹം നമുക്കുവേണ്ടി തന്നെത്താൻ അർപ്പിക്കുവാൻ കാരണമായി. " നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ട

( ശേഷം 8-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

### ലോകത്തിന്റെ ഏക പ്രത്യാശ ക്രിസ്തു

ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബ്ബന്ധിക്കുന്നു. നമുക്കാവശ്യമായിരിക്കുന്നത് കുറെ സൗകര്യങ്ങളല്ല, പിന്നെയോ കുറെ ആളുകൾ, ദൈവത്തിന്റെ മനുഷ്യർ, ശക്തിയുടെ മനുഷ്യർ, വിശ്വാസവും പരിശുദ്ധാത്മാവും ഉള്ള ആളുകൾ. ദൈവവചനം തീയാണ്. പരിശുദ്ധാത്മാവിൽ അതു പ്രസംഗിക്കുമ്പോൾ തീ കത്തുന്നു. ഉണർവ്വിന്റെ തീ.

### മാനസാന്തരം, പ്രാർത്ഥന, ഉണർവ്വ്

ലോകമാകമാനം ഒരു ഉണർവ്വുണ്ടാകത്തക്കനിലയിൽ പരിശുദ്ധാത്മാവിന്റെ അഗ്നി നമ്മിലൂടെ കത്തിജ്വലിക്കട്ടെ. പാപത്താൽ ശാപഗ്രസ്ഥമായ ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും അത് ജ്വലിക്കട്ടെ. അതാണ് ഈ കുഴഞ്ഞു മറിഞ്ഞ ലോകത്തിന് അത്യാവശ്യമായിരിക്കുന്നത്. ശരിയായ പരിഹാരത്തിന് പകരം ആളുകൾ കുറുക്കുവഴി തേടുന്നു. ഉണർവ്വാണ് പരിഹാരം. സമാധാന പ്രഭുവില്ലാതെ സമാധാനമില്ല. മാനസാന്തരമില്ലാതെ ദൈവത്തിന്റെ അനുഗ്രഹം പ്രാപിപ്പാൻ സാദ്ധ്യമല്ല. മരങ്ങളുടെ ചുവട്ടിന് ന്യായവിധിയുടെ കോടാലി വച്ചിരിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാനങ്ങൾ തല തിരിഞ്ഞതും കഠിനവുമാണ്. നമ്മുടെ പാപം സ്വർഗ്ഗത്തോളം എത്തിയിരിക്കുന്നു. അത് സമൂഹത്തിന് കളങ്കമായിരിക്കുന്നു, ദൈവത്തോട് മറുതലിക്കുന്നു, ക്രിസ്തുവിന്റെ ഹൃദയത്തിന് മുറിവായിരിക്കുന്നു, സഭയ്ക്ക് നാശഹേതുവും ഉണർവ്വിന് തടസവുമായിരിക്കുന്നു.

അവസ്ഥയ്ക്ക് വ്യത്യാസമുണ്ടാകണം. പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് ഉണർവ്വിന് വഴിയുണ്ടാക്കണം. അടഞ്ഞിരിക്കുന്ന ഹൃദയത്തിന്റെ രഹസ്യ അറകളെ തുറന്ന് ദൈവത്തിന്റെ സൂക്ഷ്മ പരിശോധനകൾക്ക് വിധേയരാകണം. പാപങ്ങളെ ഏറ്റുപറഞ്ഞ് കരയണം. വസ്ത്രങ്ങളയല്ല ഹൃദയങ്ങളെ തന്നെ കീറണം. വേദപുസ്തകം പരിശോധിച്ചാൽ മാത്രം പോരാ. നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കണം. അനുതപിച്ചുള്ള പ്രാർത്ഥന ഉണർവ്വിലേയ്ക്കുള്ള രാജവീഥിയാണ്. പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിക്കാം. നമ്മെത്തന്നെ സമർപ്പിക്കാം. ക്രൂശിന്റെ ചുവട്ടിലേയ്ക്ക് ആളുകൾ വരുന്നതുവരെ, കാൽവരിയിലേക്ക് നോക്കി പ്രാർത്ഥിക്കാം. എങ്കിൽ മാത്രമേ നരകം ദു:ഖിക്കയും സ്വർഗ്ഗം ഉണർവ്വിന്റെ സന്തോഷത്താൽ നിറയുകയും ചെയ്യൂ. ദൈവം ഇടപെടും. ദൈവത്തിന് കഴിയും.

രാഷ്ട്രീയമായും, സാമ്പത്തികമായും, ധാർമ്മികമായും, ആത്മികമായും ലോകം തകർച്ചയിലായിരിക്കുന്നു. അതിന് വ്യത്യാസം വരുത്തുവാൻ ഒരു പോരാട്ടത്തിലൂടെ മാത്രമേ കഴിയൂ. ദൈവത്തിന് ഒന്നും അസാധ്യമല്ല. പ്രാർത്ഥന ഉണർവ്വിന്റെ താക്കോൽ ആണ്, ഉണർവ്വ് ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ കലവറ തുറക്കുന്ന താക്കോലാണ്. ഉണർവ്വിന്റെ പെരുമ്പറ മുഴക്കാം. പുതിയ തീരുമാനത്തോടും, സമർപ്പണത്തോടും നഷ്ടപ്പെട്ട ശക്തിയെ വീണ്ടെടുക്കാം, വീണ്ടും ജനനത്താൽ ലഭിച്ച അവകാശങ്ങളെ മുറുകെപ്പിടിക്കാം. പ്രാർത്ഥനയുടെ യാഗപീഠങ്ങളെ പുതുക്കിപ്പണിയാം. പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിക്കാം, പാപത്തിന്റെ ഏക പരിഹാരമായ യേശുവിങ്കലേയ്ക്ക് അടുത്തു ചെല്ലാം.

പകർന്നു കൊടുക്കാൻ ഒരു സത്യം നമ്മുടെ പക്കൽ ഉണ്ട്, വിളിച്ചുപറയുവാൻ ഒരു ദൂതുണ്ട്. കൊടുക്കുവാൻ ഒരു വെളിച്ചമുണ്ട്. പാപത്താൽ ക്ഷീണിതയും രോഗിയുമായ ലോകത്തിന് നല്ല വൈദ്യന്റെ വഴിയൊരുക്കാം. ദൈവത്തിന്റെ ശക്തിയെ പ്രാപിച്ച് ദൈവത്തിന്റെ വേല തികെയ്ക്കാം.

❖

(2-ാംപേജിന്റെ തുടർച്ച)

### നിങ്ങൾ ചോദിക്കുമെങ്കിൽ ഞാൻ ചെയ്തു തരും

ഇതു ചെയ്യുവാൻ വിശ്വാസം എന്തിന്? ഞാൻ പറഞ്ഞു, ഇത് എന്റെ ജോലി മനുഷ്യന് അസാദ്ധ്യമായിരിക്കും.

എന്റെ ചോദ്യത്തിന് മറുപടി കിട്ടി, മനുഷ്യന് അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യം.

ഞാൻ മുട്ടിന്മേൽ നിന്നു നിഷേധാത്മക ചിന്തകളേയും നിസഹായതയെയും ഏറ്റുപറയുവാൻ തുടങ്ങി. ആ ദൈവവചനത്തിന്റെ അർത്ഥം ശരിയായി മനസിലാക്കിത്തരണമേ എന്ന് പ്രാർത്ഥിച്ചു. പെട്ടെന്ന് ഇരുണ്ട സ്ഥലത്തു വരുന്ന മിന്നൽ പ്രകാശം പോലെ രണ്ടു വാഗ്ദത്തങ്ങൾ പ്രകാശിക്കപ്പെട്ടു. "നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവാ പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെ യും ഞാൻ ചെയ്തു തരും" (യോഹ. 14:13,14).

എന്റെ ഭാരങ്ങൾ വിട്ടു പോയതായി ഞാൻ തിരിച്ചറിഞ്ഞു. ദൈവവചനം എന്റെ ഉള്ളിലേയ്ക്ക് തുളച്ചു കയറി. എനിക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. പക്ഷേ ചോദിക്കണം, സർവ്വശക്തിയുള്ള ദൈവത്തോട് എന്റെ രക്ഷകനും ഈ സഹോദരിമാരുടെ രക്ഷനുമായ ദൈവത്തോട് അവിടുന്ന് ഞങ്ങൾക്കു വേണ്ടി മരിച്ചു, ഉയിർത്തു ചോദിക്കുന്നതെന്തും ചെയ്തു തരാമെന്ന് വാഗ്ദത്തം തന്നു. എങ്ങനെയെന്നോ, എപ്പോഴെന്നോ എനിക്കറിയില്ല എന്നാൽ അവിടുന്ന് വാഗ്ദത്തം നിവർത്തിക്കും.

എന്റെ ഹൃദയത്തെ ബലപ്പെടുത്തിയ സത്യത്തിന്റെ വാക്കുകളിതാണ്.

### ഒരു രാജാവിന്റെ അടുക്കലേയ്ക്ക് ഞങ്ങൾ വരുന്നു,

വലിയ പരാതികളും ഞങ്ങൾ കൊണ്ടുവരും.

എന്റെ അപേക്ഷ ചെറുതായിരുന്നില്ല. പുത്രനിലൂടെ അവരോട് ക്ഷമിക്കണമേ എന്ന് പിതാവിനോട് പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവു അവരുടെമേൽ പകരപ്പെടേണ്ടതിനും പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, വരുവാനുളള രാജ്യത്തെക്കുറിച്ചും അവർക്ക് ബോധം ഉണ്ടാകേണ്ടതിനായും കർത്താവായ യേശുക്രിസ്തു അവരുടെ വ്യക്തിപരമായ രക്ഷകനാണ് എന്ന് വെളിപ്പെടേണ്ടതിനായും, പാപത്താലുള്ള കറകൾ യേശുവിന്റെ പുണ്യാഹ രക്തത്താൽ കഴുകൽ പ്രാപിക്കേണ്ടതിനായും, ഒടുവിലായി, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് യേശുവിന്റെ സാക്ഷികളായി വീടുകളിലേയ്ക്ക് മടങ്ങേണ്ടതിനായും പ്രാർത്ഥിച്ചു.

### പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടായി

അക്ഷരം അറിയാത്ത സഹോദരിമാരുടെ അടുക്കലേയ്ക്ക് ഞാൻ മടങ്ങി വന്നു, ലോകത്തിന് തന്നെത്താൻ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

**നിങ്ങൾ ചോദിക്കുമെങ്കിൽ ഞാൻ ചെയ്തു തരും**

അർപ്പിച്ച ദൈവത്തിന്റെ കരുതലിൽ ആശ്രയിച്ച് സന്തോ,ത്തോടെ ഞാൻ ക്ലാസിൽ ചെന്നു. പാപത്താൽ ഇരുണ്ടുപോയ അവരുടെ ഹൃദയങ്ങളിൽ ഒരു ദൈവപ്രവർത്തിക്കായി ഞാൻ ക്ഷമയോടെ കാത്തിരുന്നു.

അല്പസമയത്തിനുശേഷം ഞാൻ അവരെ ഈ പ്രാർത്ഥന പഠിപ്പിച്ചു. സ്വർഗ്ഗീയ പിതാവേ, എന്റെ പാപം ക്ഷമിക്കണമേ, ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ എന്നെ കഴുകേണമേ, പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കണമേ, യേശുവിൻ നാമത്തിൽ തന്നേ, സഹോദരിമാരിൽ ചിലർ മൂന്നു ദിവസം ചെലവഴിച്ചു, ശരിയായും ബുദ്ദിയോടെയും പ്രാർത്ഥിക്കാൻ പഠിച്ചു.

അവരോടൊത്തുള്ള എന്റെ ആദ്യദിവസം അങ്ങനെ പതുക്കെ കടന്നു പോയി. എന്റെ പ്രാർത്ഥന അവിടുന്ന് കേട്ടു എന്നുള്ളതിന് യാതൊരു മറുപടിയുമുണ്ടായില്ല. പിറ്റേ ദിവസം രാവിലെയും ദൈവം പ്രവർത്തിക്കുന്നു എന്നുള്ളതിന് യാതൊരു തെളിവുമുണ്ടായില്ല. എന്നാൽ ഉച്ചയ്ക്ക് ശേഷം മുട്ടിന്മേൽ നിന്ന് ആ ചെറിയ പ്രാർത്ഥന ആവർത്തിച്ച് പ്രാർത്ഥിക്കുമ്പോൾ സഹോദരിമാരിലൊരാൾ അനുതപിച്ച് കരയാൻ തുടങ്ങി. അവർ ദൈവത്തോട് പാപങ്ങൾ ക്ഷമിക്കപ്പെടുവാനും യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ കഴുകപ്പെടുവാനും പരിശുദ്ധാത്മാവിനാൽ ഹൃദയത്തെ നിറയ്ക്കണമേ എന്നും പ്രാർത്ഥിച്ചു. അല്പസമയം ഞങ്ങള മുഴങ്കാലിൽ നിന്നും എഴുന്നേറ്റ് കർത്താവിൽ പുതിയ സൃഷ്ടിയായ ആ സ്ത്രീയെ അനുമോദിച്ചു.

അടുത്ത ദിവസങ്ങളിൽ സ്ത്രീകൾ ഓരോരുത്തരായി അതേ അനുഭവത്തിലായി, ക്ലാസ് രക്ഷയുടെ സന്തോഷത്താൽ നിറയുവാനിടയായി. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവർ നിറയപ്പെട്ടു, ക്രിസ്തുവിനെ പഠിക്കുവാൻ അത്ഭുതകരമായി അവർ ഉത്സാഹികളായി, സമയം കണ്ടെത്തത്തി പഠിക്കുവാൻ എനിക്കും അവസരമുണ്ടായി. വേണ്ടുന്ന നിലയിൽ അവരെ സഹായിപ്പാനും അവർ ആഗ്രഹിക്കുന്ന പാഠങ്ങൾ തൃപ്തികരമായ നിലയിൽ പഠിപ്പിക്കുവാനും ഞാൻ എന്നെ സമർപ്പിച്ച.

ചൈനയിലെ എന്റെ അടുത്ത പത്തുവർഷത്തെ താമസകാലത്ത് വർഷത്തിൽ അഞ്ചോ ആറോ ക്ലാസുകൾ വീതം ഞാൻ പഠിപ്പിച്ചു. ഞാൻ എപ്പോഴും യോഹ. 14:13,14 വരെയുള്ള വാഗ്ദത്തത്തിൽ ആശ്രയിച്ചുകൊണ്ട് വിശ്വാസത്താലുള്ള പ്രാർത്ഥനയുടെ മറുപടിക്കായി ദൈവത്തിൽ ആശ്രയിച്ചു. രക്ഷിക്കപ്പെടാതെ ഒരു വ്യക്തി പോലും ക്ലാസ് വിട്ടു പോകുന്നത് ഞാൻ കണ്ടില്ല.

**നഷ്ടപ്പെട്ട ഭർത്താവിന് വേണ്ടിയുള്ള പ്രാർത്ഥന**

ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു ഗ്രാമത്തിൽ ആകാംഷയോടെ ഒരു സ്ത്രീ വെള്ളക്കാരി ചൈനീസ് ഭാഷയിൽ സംസാരിക്കുന്നത് കേൾക്കുവാനായി വന്നു. ഞാൻ പഠിപ്പിച്ച പ്രാർത്ഥന ശ്രദ്ധിച്ചിട്ട്, എനിക്ക് ഇത് പഠിക്കാൻ കഴിയുമോ എന്ന് ചോദിച്ചു. ഞാൻ ചോദിച്ചു, ഒരു രക്ഷിതാവിനെ ഏറ്റുകൊള്ളുവാൻ നിങ്ങൾക്ക് മനസുണ്ടോ? അവിടുത്തെ നിങ്ങൾ സ്വീകരിക്കുമോ? അവർ അതെയെന്നു പറഞ്ഞു എന്റെ ക്ലാസിലെ ഒരു അംഗമായിത്തീർന്നു. അന്ന് ഉച്ചയ്ക്കുശേഷം എല്ലാവരും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കാൻ പറഞ്ഞപ്പോൾ അവൾ തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് നിലവിളിച്ച് അവളുടെ പാപം ക്ഷമിച്ചു കിട്ടേണ്ടതിനും ഹൃദയം ശുദ്ധീകരിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിച്ചു.

അന്നു വൈകുന്നേരം യോഹ. 13:13,14 വാക്യങ്ങൾ ഞാൻ അവർക്കു കൊടുത്തു, ഈ വാഗ്ദത്തങ്ങൾ നിങ്ങൾക്കുള്ളതാണ് എന്ന് ഞാൻ പറഞ്ഞു. വാങ് എന്ന് പേരുള്ള ആ സഹോദരി എഴുന്നേറ്റ് എന്നോട് ചോദിച്ചു. കർത്താവായ യേശുവിന് എന്റെ ഭർത്താവിനെ രക്ഷിക്കാൻ കഴിയുമോ? അദ്ദേഹം ഒരു മദ്യപാനിയാണ്. കല്യാണം കഴിഞ്ഞിട്ട് ഒരു ദിവസംപോലും ബോധമുള്ളവനായി വീട്ടിൽ വരുന്നത് ഞാൻ കണ്ടിട്ടില്ല. മദ്യപിക്കാനായി ധാരാളം പണം അദ്ദേഹം ചെലവഴിക്കുന്നു, ശരിയായി ഭക്ഷണത്തിനോ, തണുപ്പുകാലത്തു വേണ്ടത്ര ചൂടുവസ്ത്രങ്ങൾ വാങ്ങുന്നതിനോ പോലും കഴിയുന്നില്ല. അപ്രകാരമുള്ള ഒരു മനുഷ്യനെ രക്ഷിക്കുവാൻ യേശുവിന് കഴിയുമോ സഹോദരീ അതെ എന്ന് ഞാൻ പറഞ്ഞു. നഷ്ടപ്പെട്ടവരെ അന്വേഷിപ്പാനും രക്ഷിക്കുവാനും യേശു വന്നു, നിങ്ങൾ അതു വിശ്വസിക്കുന്നുവോ? എന്ന് ഞാൻ ചോദിച്ചു. കണ്ണീർ തുടച്ചുകൊണ്ട് അവൾ പറഞ്ഞു. അതെ തീർച്ചയായും എന്നാൽ എങ്ങനെ പ്രാർത്ഥിക്കണം എന്ന് എനിക്കറിയില്ല, എനിക്കുവേണ്ടി പ്രാർത്ഥിക്കയില്ലയോ?

ഞാൻ വിഷയം ക്ലാസിൽ അവതരിപ്പിച്ചു. എല്ലാ ദിവസവും ആ മനുഷ്യനുവേണ്ടി പ്രാർത്ഥിക്കുവാൻ അവർ സമ്മതിച്ചു. ആദ്യമായി വരുന്നവരിൽ ഒരാളായിരുന്നു ആ സ്ത്രീ. രണ്ടാഴ്ച ഞങ്ങൾ അങ്ങനെ പ്രാർത്ഥിച്ചു, അതിനുശേഷം എനിക്ക് ആ സ്ഥലം വിട്ട് മറ്റൊരിടത്തേയ്ക്ക് പോകേണമായിരുന്നു.

**രൂപാന്തരപ്പെട്ട ഒരു മനുഷ്യൻ**

ഒരു വർഷത്തിനുശേഷം ഞാൻ അവിടേയ്ക്ക് മടങ്ങി വന്നു. രാവിലെ എന്റെ ക്ലാസ് ആരംഭിച്ചു. ആദ്യമായി എത്തിയവരിൽ സ,ഹോജര വാങ് ഉണ്ടായിരുന്നു. അവൾ സന്തോഷത്തോടെ അവളുടെ കഥ പറഞ്ഞു.

ഒരു വർഷം മുമ്പ്, ഒടുവിലത്തെ ക്ലാസിൽ എന്റെ രക്ഷകനെക്കുറിച്ച് അറിയുവാനെനിക്കിടയായി. ഞാൻ വീട്ടിൽ ചെന്ന് എന്റെ ഭർത്താവിനോട് ഞാൻ ഒരു ക്രിസ്ത്യാനിയായിത്തീർന്നിരിക്കുന്നു എന്ന് പറഞ്ഞു. അദ്ദേഹം അതിക്രൂരമായി എന്നെ ഉപദ്രവിച്ചു. ഒരു മാസത്തോളം കിടക്കയിൽ നിന്നെഴുന്നേൽക്കുവാൻ പോലും കഴിയാതെ ഞാൻ ക്ഷീണിതയായിത്തീർന്നു. ആറുമാസം തുടർച്ചയായി എന്നെ ഉപദ്രവിച്ചുകൊണ്ടിരുന്നു. എന്നെ ഓരോ ദിവസവും ആക്ഷേപിക്കയും ശപിക്കയും ചെയ്തുകൊണ്ടിരുന്നു. ഓരോ സമയം ഉപദ്രവിക്കുന്തോറും ഞാൻ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അറിയാതെ ഉപദ്രവിക്കുന്ന അദ്ദേഹത്തോട് ക്ഷമിക്കുവാൻ ഞാൻ പ്രാർത്ഥിച്ചു.

അതിന്റെ ശേഷം ഒരു ദിവസം ചന്തയിൽ നിന്നും നേരത്തേ അദ്ദേഹം വീട്ടിൽ വന്നു, ജീവിതത്തിൽ ആദ്യമായ് സുബോധത്തോടെ ഞാൻ അദ്ദേഹത്തെ കണ്ടു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, എന്താണിങ്ങനെ?

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

**നിങ്ങൾ ചോദിക്കുമെങ്കിൽ ഞാൻ ചെയ്തുതരും**

അദ്ദേഹം മറുപടി പറഞ്ഞത്, അതാണ് ഞാൻ നിന്നോടും ചോദിക്കുന്നത് ഞാൻ ഇപ്പോൾ ഷാപ്പിലേയ്ക്ക് പോകുന്നവഴിയിൽ പെട്ടെന്ന് എന്റെ ഉള്ളിൽ ഉച്ചത്തിൽ ഒരു ശബ്ദം ഞാൻ കേട്ടു, അവിടെ പോകരുത് വീട്ടിൽ പോകൂ! ഞാൻ ഞെട്ടിപ്പോയി, എന്റെ പഴ്സ് താഴെ വീണു, നാണയത്തുട്ടുകൾ ചിതറി. കുട്ടികൾ എന്നെ കളിയാക്കുന്നു എന്നു തോന്നി, എന്നാൽ അവിടെ ആരും ഉണ്ടായിരുന്നില്ല. ഞാൻ വളരെ പേടിച്ചുപോയി, ഞാൻ ഒരു മറയൻ എന്നു ചിന്തിച്ചു. ഞാൻ വീണ്ടും അങ്ങോട്ടു നടക്കാൻ ശ്രമിക്കുമ്പോൾ ആ ശബ്ദം എന്റെ ഉള്ളിൽ അതിശക്തിയോടെ മുഴങ്ങി, അവിടെ പോകരുത്, വീട്ടിൽ പോകൂ! കഴിയുന്നതും വേഗത്തിൽ ഞാൻ വീട്ടിലേയ്ക്കു വന്നു. ഞാൻ വളരെ ഭയന്നിരിക്കുന്നു. എന്താണ് എനിക്ക് സംഭവിച്ചത്?

എന്താണ് സംഭവിച്ചത് എന്ന് നിനക്കറിയാം. അത് കർത്താവായ യേശുവിന്റെ ശബ്ദമായിരുന്നു. അവിടുന്ന് സ്വർഗ്ഗീയ പിതാവിന്റെ പുത്രനാണ്. നിങ്ങളെ രക്ഷിപ്പാൻ യേശു ക്രൂശിൽ മരിച്ചു. നിങ്ങൾ വൈൻ ഷോപ്പിൽ പോയി കുടിച്ച് നശിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. ഇത് നിങ്ങളോടു സംസാരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദമാണ്.

ഞാൻ ഭയപരവശനായി. യേശു നിങ്ങളുടെ രക്ഷകനാണ് എന്നു ഞാൻ ആവർത്തിച്ചു പറയുമ്പോഴും അദ്ദേഹം അതു ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു, എന്തുകൊണ്ട് ഇത് നേരത്തെ എന്നോടു പറഞ്ഞില്ല, എനിക്ക് മനസിലായില്ല, ഞാൻ എന്റെ ജീവിതത്തിൽ ഇനി ഒരിക്കലും മദ്യപിക്കയില്ല.

അദ്ദേഹം പിന്നെ ഒരിക്കലും മദ്യപിച്ചില്ല. അദ്ദേഹം യഥാർത്ഥമായി മാനസാന്തരപ്പെട്ടിരുന്നു. അദ്ദേഹംവും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും സഭയിലെ അംഗങ്ങളായി, മക്കളെ ഒരു ക്രിസ്ത്യൻ സ്കൂളിൽ ചേർത്തു. വാങ് തന്റെ ഭർത്താവിനോടുകൂടെ ജീവിച്ചു കർത്താവിനെ സേവിച്ചു. യേശു ഇന്നും ജീവിക്കുന്നു. ❖

(5-ാംപേജിന്റെ തുടർച്ച)

**അത്ഭുതവാനായ യേശു**

തിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ. (2കൊരി. 8:9). അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദൈസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി ത്തീർന്നു. (ഫിലി. 2:6-8). അത്ഭുതം, അത്ഭുതം അത്ഭുത സ്നേഹം തേജസിലും മഹത്വത്തിലും ദൈവത്തിന് സമമായവൻ എല്ലാം നമുക്കുവേണ്ടി വെടിഞ്ഞ് കാലിത്തൊഴുത്തിനെ ത്ന്റെ ജനനസ്ഥലമാക്കി, പാവപ്പെട്ട ആശാരിയുടെ പണിശാലയെതന്റെ പാഠശാലയാക്കി, വെറുപ്പും തള്ളിക്കളയലും തന്റെ പ്രതിഫലമാക്കി, ഗത് സമനെയിലെ കഠിവേദനയും അവഗണനയും ക്രൂശുമരണവും തന്റെ വേലയുടെ പൂർത്തീകരണമാക്കി കാരണം ഇവയൊക്കെയും നിമിത്തം പാപികളും ദോഷികളുമായി പുറമ്പറമ്പിൽ എറിയപ്പെട്ടിരുന്നവരുമായവരെ രക്ഷിച്ചെടുക്കുവാൻ കഴിഞ്ഞു. അങ്ങനെ പ്രവാചകനായ യെശയ്യ വിളിച്ചു പറയുന്നു, യേശുവിന്റെ നാമം അത്ഭുത നാമം എന്ന് വിളിക്കപ്പെടും. മറ്റനേകം സമ്പൂർണ്ണതകളും യേശുവിന്റെ സ്വഭാവത്തെക്കുറിച്ചും പറയുവാനുണ്ട്. താഴ്മ, വിനയം, സൗമ്യത, ക്ഷമ, ധൈര്യം, മനുഷ്യത്വം എന്നിവയിൽ പൂർണ്ണനായിരുന്നു. തന്റെ പൂർണ്ണതയെക്കുറിച്ച് വർണ്ണിച്ചു തീർക്കുക സാധ്യമല്ല. യേശു തന്റെ സ്വഭാവത്തിൽ അത്ഭുതവാനായിരുന്നു.

**യേശു തന്റെ പ്രവർത്തിയിൽ അത്ഭുതവാനായിരുന്നു.**

പ്രകൃതിയിലും, സ്വഭാവത്തിലും യേശു അത്ഭുതവാനായിരുന്നു എന്നു മാത്രമല്ല, പ്രവർത്തിയിലും യേശു അത്ഭുതവാൻ ആയിരുന്നു.

ഒന്നാമതായി, നമ്മുടെ പാപത്തിന് യേശു സമ്പൂർണ്ണമായ പരിഹാരം വരുത്തി. നാം എല്ലാവരും ആടുകളെപോലെ തെറ്റി പോയിരുന്നു; ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെമേൽ ചുമത്തി (യോശ. 53:6).നമ്മുടെ ഓരോ പാപങ്ങൾക്കും കാൽവറി ക്രൂശിലെ യേശുവിന്റെ മരണത്താൽ പരിഹാരമായി.

മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും നമ്മെ വിലയ്ക്കു വാങ്ങി (ഗാല. 3:13) അതുകൊണ്ട് എന്റെ പാപങ്ങൾക്കു വേണ്ടി യേശു മരിച്ചു എന്ന് നാം വിശ്വസിക്കുന്ന അതേ നിമിഷം തന്നെ സകല പാപങ്ങളിൽ നിന്നും കഴുകപ്പെട്ട് ദൈവത്തിന്റെ പുസ്തകത്തിൽ നാം പൂർണ്ണമായി നീതിമാന്മാരായി കണക്കാക്കപ്പെടുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി (2കൊരി. 5:21).

ഇത് അത്ഭുതമല്ലേ? ഇത് നിങ്ങളെ അത്ഭുതപ്പെടുത്തുന്നില്ലേ? നീചനായ പാപി, കള്ളം പറയുന്നവൻ, മോഷണക്കാരൻ, ദൂഷകൻ, കൊലപാതകൻ, വേശ്യ തുടങ്ങിയ പാപങ്ങളിൽ മുഴുകിയിരുന്നവർ, യേശു എന്റെ പാപത്തിനുവേണ്ടി മരിച്ചു എന്ന് വിശ്വസിച്ചുകൊണ്ട് ഏറ്റു പറയുമ്പോൾ യേശു നമ്മുടെ പാപങ്ങളെ ക്ഷമിച്ചു ഹിമംപോലെ നമ്മെ ശുദ്ധിയുള്ളവരാക്കിത്തീർക്കുന്നു. അതെ, ഞാൻ ചെയ്തുപോയ മുഴുവൻ പാപങ്ങളും എനിക്കു ബോദ്ധ്യപ്പെട്ടു. അവ അതി ഭയാനകമായിരുന്നു, ഞാൻ ക്രൂശിലേയ്ക്ക് നോക്കി, ക്രൂശിൽ എനിക്കായി മരിക്കുന്ന യേശുവിനെ ഞാൻ കണ്ടു, തന്റെ നിലവിളി ഞാൻ കേട്ടു. " എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്? " (മത്താ. 27:46). യേശുവിന്റെ മറ്റൊരു കരച്ചിൽ ഞാൻ കേട്ടു, സകലവും നിവർത്തിയായി (യോഹ. 19:30) റോമൻ പടയാളി തന്റെ കുന്തം ഊരിയെടുക്കുന്നതു ഞാൻ കണ്ടു, അതിനെ യേശുവിന്റെ വിലാപ്പുറത്തു തുളച്ചു കയറ്റുന്നതു ഞാൻ കണ്ടു. ആ മുറിവിൽ നിന്നും രക്തം വാർന്നൊഴുകി, ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾ ആ രക്തത്താൽ കഴുകപ്പെട്ടു, ഞാൻ അറിയുന്നു.

യേശു എന്റെ പാപക്കടം വീട്ടി
എന്റെ പാപക്കടം നീങ്ങി
എന്റെ പാപക്കറകൾ
അവൻ എന്നെ ഹിമം പോലെ ശുദ്ധമാക്കി

(ശേഷം അടുത്തലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975